ഉത്തരം

(എ) ഉണ്ട്.

(ബി) 1-2-2000-നു ശേഷം ലഭിച്ച നാൽപ്പത് അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(സി) വിശദവിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഡി&ഇ) ഇക്കാര്യത്തിൽ ആരും ഉദാസീനത വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹയർ സെക്കണ്ടറി സ്കൂളുകളോട് ചേർന്ന് ലോവർ പ്രൈമറി സ്കൂളുകൾ

61 (2041) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളോടു ചേർന്ന് എത്ര ലോവർ പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം പ്രവർത്തിക്കുന്നതുകൊണ്ട് ഭരണപരമായ കാര്യങ്ങൾ നടത്തുന്നതിന് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കുന്നതിന്റെ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഇത്തരം സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിനുള്ള കെട്ടിടനിർമ്മാണം ആരും ഏറ്റെടുക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭരണപരമായ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും പ്രൈമറി വിഭാഗം വേർപെടുത്തി വിദ്യാഭ്യാസ ഉപജില്ല ഭരണത്തിന്റെ കീഴിൽ ആക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

ഗവൺമെന്റ് എൽ.പി.എസ്	–	8
എയിഡഡ് എൽ.പി.എസ്	–	4
അൺ എയിഡഡ് എൽ.പി.എസ്	–	1
ആകെ	–	13

(ബി) ഭരണപരമായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly